മി. ഡെപ്യൂട്ടി സ്പീക്കർ : മലയാളികളുടെ മക്കൾ മലയാളം മറക്കാതിരിക്കാനുള്ള കാമ്പെയിനാണ് ഇപ്പോൾ വേണ്ടത്. ചാനലുകളിലൊക്കെ ഇംഗ്ലീഷും മലയാളവും അല്ലാത്ത ഭാഷകളാണ് കേട്ടുകൊണ്ടിരിക്കുന്നത്.

ശ്രീ. എം. എ. ബേബി : അത് ശരിയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : അതുകൊണ്ടുതന്നെ തമിഴ് മേള നടത്തിയതുപോലെ മലയാളികളുടെ വലിയ ഒരു കൂട്ടായ്മ ഒക്കെ നടത്തുന്നതിനെക്കുറിച്ച് ആലോചിക്കേണ്ടതാണ്.

ശ്രീ. എം. എ. ബേബി : ഗവൺമെന്റ് അക്കാര്യത്തിൽ തീരുമാനം എടുത്തിട്ടുണ്ട്. ഭാഷാ സമ്മേളനം നമ്മൾ നടത്തുന്നതാണ്. അതിന്റെ തീയതിയും മറ്റ് കാര്യങ്ങളും ബഹുമാനപ്പെട്ട അംഗങ്ങളെ അറിയിക്കുന്നതാണ്. ഭാഷാ സമ്മേളനം നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ : ഭാഷാ സമ്മേളനം, very good.

III സബ്മിഷൻ

മി. ഡെപ്യൂട്ടി സ്പീക്കർ : നമുക്ക് 25 സബ്മിഷനുകളാണ് ലിസ്റ്റിലുള്ളത്. അതുകൊണ്ടുതന്നെ സബ്മിഷൻ ഉന്നയിക്കുന്നതും മറുപടി പറയുന്നതും പരമാവധി ചുരുക്കിയാണെങ്കിൽ നമുക്ക് ഇത് മുഴുവൻ എടുക്കാം. അതനുസരിച്ച് കാര്യങ്ങൾ പറഞ്ഞാൽ മതി. ഇടപെടാതിരിക്കാനൊന്നും ആവില്ല. ഇടപെടേണ്ട സമയത്ത് ഇടപെടും. അതൊക്കെ ചെയറിന്റെ ഡ്യൂട്ടിയിൽപ്പെട്ട കാര്യങ്ങളാണ്.

(1) സെക്രട്ടേറിയറ്റിലെ സെക്യൂരിറ്റി ജീവനക്കാരുടെ പ്രൊമോഷൻ

ശ്രീ. ജോർജ്ജ് മേഴ്സിയർ : സർ, നമ്മുടെ മുഖ്യമന്ത്രിയുടെ ആഫീസിൽ നിയമപ്രകാരമല്ലാത്ത ധാരാളം ഇടപെടലുകൾ നടക്കുന്നുവെന്ന ആക്ഷേപം സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻവേണ്ടിയാണ് ഈ സബ്മിഷൻ ഞാൻ ഉന്നയിക്കുന്നത്. പ്രധാനമായി 2005 ഏപ്രിൽ മാസം 8-ാം തീയതി സ്ഥിരനിയമനം കൊടുത്ത സെക്യൂരിറ്റി ജീവനക്കാരുടെ താൽപ്പര്യങ്ങൾ അവഗണിച്ചുകൊണ്ട് 2005 ജൂൺമാസം 8-ാം തീയതി നിയമിതരായ സെക്യൂരിറ്റി ജീവനക്കാർക്ക് പ്രമോഷൻ കൊടുക്കാൻവേണ്ടിയുള്ള ഒരു ശ്രമം നടക്കുന്നുണ്ടായിരുന്നു. ആ ശ്രമം സുപ്രീംകോടതിവരെ പോയപ്പോൾ കോടതി തടയുകയും ഏപ്രിൽ 8-ന് നിയമിതരായവർക്ക് പ്രൊമോഷൻ കൊടുക്കണം എന്ന് സുപ്രീംകോടതി വളരെ വ്യക്തമായി നിഷ്കർഷിച്ചിട്ടും മുഖ്യമന്ത്രിയുടെ ആഫീസിൽ നിന്നുള്ള ഇടപെടലുകൾ കാരണം ജൂൺ 8-ന് നിയമനം ലഭിച്ചവർക്ക് പ്രൊമോഷൻ കൊടുക്കാനുള്ള ഒരു ശ്രമം നടക്കുന്നു. രണ്ടാമത് ഈ സർക്കാർ നിലവിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ ആഫീസിലെ ഇടപെടൽ കാരണം നിയമാനുസരണമല്ലാതെ സീനിയോറിറ്റി ലംഘിച്ചുകൊണ്ട് 516-ഓളം സർക്കാർ ജീവനക്കാർക്ക് ക്വാർട്ടേഴ്സ് അനുവദിച്ചിരിക്കുന്നു. തിരുവനന്തപുരം ജില്ലാ കളക്ടർ നിയമാനുസരണം നൽകിയ സീനിയോറിറ്റി

LIBRARY ARCHIVES Kerala Legislative Assembly

അതിലംഘിച്ചുകൊണ്ട് മുഖ്യമന്ത്രിയുടെ ആഫീസിൽ നിന്ന് ഏകദേശം 516-ഓളം കാർട്ടേഴ്സുകൾ അനുവദിച്ചിരിക്കുന്നു. ഈ രണ്ട് പ്രശ്നങ്ങളും സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻവേണ്ടിയാണ് ഈ സബ്മിഷൻ.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, പൊതുഭരണ സെക്രട്ടേറിയറ്റിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിച്ച് സ്ഥിരപ്പെടുത്തിയ സെക്യൂരിറ്റിക്കാരും പി.എസ്.സി.വഴി നിയമിക്കപ്പെട്ട സെക്യൂരിറ്റിക്കാരുമുണ്ട്. 21-11-2006-ൽ പ്രസിദ്ധീകരിച്ച സീനിയോറിട്ടി ലിസ്റ്റിൽ താൽക്കാലികക്കാരായി വന്ന് സ്ഥിരപ്പെടുത്തപ്പെട്ടവർക്കാണ് സീനിയോറിട്ടി ലഭിച്ചത്. ഇതിനെതിരെ പി.എസ്.സി. വഴി നിയമനം ലഭിച്ചവർ ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് പെറ്റിഷനിൽ അനുകൂലമായ വിധിയുണ്ടായി. ഇതിനെതിരെ എംപ്ലോയ്മെന്റ് എക്സചേഞ്ച് മുഖേന നിയമനം ലഭിച്ചവർ അപ്പീൽ ഫയൽ ചെയ്തെങ്കിലും ഹൈക്കോടതി അംഗീകരിച്ചില്ല. കോടതി വിധിപ്രകാരം സെക്യൂരിറ്റി ജീവനക്കാരുടെ സീനിയോറിറ്റി പുതുക്കി നിശ്ചയിക്കുന്നതിന് നടപടി സ്വീകരിച്ചുവരവെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിക്കപ്പെട്ടവർ സുപ്രീംകോടതിയിൽ എസ്.എൽ.പി. ഫയൽ ചെയ്തു. സുപ്രീം കോടതി എസ്.എൽ.പി. ഫയലിൽ സ്വീകരിക്കുകയും സ്റ്റാറ്റസ്കോ നിലനിർത്തുന്നതിന് നിർദ്ദേശിക്കുകയും ചെയ്തു. 15-3-2010-ലെ ഇടക്കാല ഉത്തരവ് പ്രകാരം എസ്. എൽ.പി.-യിലെ അന്തിമ വിധിക്ക് വിധേയമായി പ്രൊമോഷൻ നൽകാൻ സുപ്രീംകോടതി അനുമതി നൽകി. തുടർന്ന് അഡ്വക്കേറ്റ് ജനറലിന്റെ ഉപദേശം തേടുകയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിച്ചവർക്ക് സീനിയോ റിറ്റി നൽകിക്കൊണ്ടുള്ള പഴയ ലിസ്റ്റ്, പുതിയ കരട് ലിസ്റ്റ് പ്രസിദ്ധീകരിച്ച തോടെ ഇല്ലാതായി എന്നും പുതിയ ലിസ്റ്റിൽ നിന്ന് എസ്.എൽ.പി.-യുടെ അന്തിമ വിധിക്ക് വിധേയമായി പ്രൊമോഷൻ നൽകാവുന്നതാണെന്നുമുള്ള അഡ്വക്കേറ്റ് ജനറലിന്റെ ഉപദേശ പ്രകാരം അന്തിമ ലിസ്റ്റ് 13-7-2010-ൽ പ്രസിദ്ധീകരിക്കുകയുണ്ടായി. സുപ്രീംകോടതി വിധിക്ക് വിധേയമായിട്ടായിരിക്കും സെക്രട്ടേറിയറ്റിലെ സെക്യൂരിറ്റി ജീവനക്കാരുടെ പ്രൊമോഷൻ നടത്തുന്നത്.

(2) അർബുദരോഗവ്യാപനം

ശ്രീ. മഞ്ഞളാംകുഴി അലി : സർ, എന്റെ മണ്ഡലത്തിലെ കുട്ടിലങ്ങാടി പഞ്ചായത്തിലെ മുഞ്ഞക്കുളം പ്രദേശത്ത് ഏകദേശം അരകിലോമീറ്റർ ചുറ്റളവിൽ ധാരാളം പേർ അർബുദരോഗം കൊണ്ട് മരണപ്പെട്ടിട്ടുണ്ട്. കുറെയധികം പേർ രോഗവുമായി മല്ലിട്ട് കഴിയുകയാണ്. ചില പത്രങ്ങളിൽ അടുത്ത കാലത്ത് വന്ന വാർത്തകൾ കണ്ട് ആ പ്രദേശത്ത് താമസിക്കുന്നവർ ഭീതിയിലാണ്. പരിസ്ഥിതി പ്രവർത്തകർ പറയുന്നത് അടുത്ത പ്രദേശങ്ങളിലുള്ള എസ്റ്റേറ്റുകളിൽ നിന്ന് ഒഴുകിവരുന്ന പുഴയിലെ കീടനാശിനി കലർന്ന വെള്ളം കുടിച്ചതുകൊണ്ടാണ് ഈ രോഗം വന്നതെന്നാണ്. ഇത് ഉണ്ടാകാനുള്ള കാരണങ്ങൾ പഠിക്കാനും ജനങ്ങളുടെ ഭീതിയകറ്റാനും ആരോഗ്യവകുപ്പ് അടിയന്തരമായി നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly